LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ

93 (4149) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നുള്ള എത്ര പേരാണ് അംഗങ്ങളായി ചേർന്നിട്ടുള്ളത് ;

(ബി) അംഗങ്ങളുടെ എ.പി.എൽ., ബി.പി.എൽ. തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ ;

(സി) ഇതുവരെ എത്ര ക്ലെയിമുകൾ ഇൻഷ്വറൻസ് കമ്പനി തീർപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) തീർപ്പാക്കാനുള്ള ക്ലെയിമുകളുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1259 ബി.പി.എൽ കുടുംബങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുണ്ട്. എ.പി.എൽ. കുടുംബങ്ങളുടെ പട്ടിക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമല്ല. എറണാകുളം ജില്ലയിലാകെ 639 എ.പി.എൽ. കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

(സി&ഡി) ആരോഗ്യ ഇൻഷ്വറൻസ് ക്ലെയിം സംബന്ധിച്ച് നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. എറണാകുളം ജില്ലയിൽ 31-3-2010 വരെ 18,014 ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്. 1,452 ക്ലെയിമുകൾ തീർപ്പാക്കാനുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

94 (4150) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് ഏതെങ്കിലും സ്വകാര്യ ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ പേരുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

95 (4151) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കാർഡ് ലഭ്യമാക്കാനായി കുടുംബാംഗങ്ങളുടെ ഫോട്ടോ എടുക്കുന്നതിനുണ്ടാകുന്ന തിരക്കുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ബുദ്ധിമുട്ടൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും കുടുംബാംഗങ്ങൾ മുഴുവൻ ഒരുമിച്ചു ഫോട്ടോ എടുത്ത് കാർഡ് പുതുക്കേണ്ട സ്ഥിതിയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ജനങ്ങൾ ഈ വർഷം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ താൽപ്പര്യപ്പെടുന്നതുമൂലം കുടുംബങ്ങളുടെ ഫോട്ടോ എടുക്കാനും സ്മാർട്ട് കാർഡ് വാങ്ങാനും നല്ല തിരക്ക് മിക്ക എൻറോൾമെന്റ് കേന്ദ്രങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഈ ബുദ്ധിമുട്ട് ഒഴിവാക്കാനായി മതിയായ പ്രിന്റർ, ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കി കൂടുതൽ സെന്ററുകൾ പ്രവർത്തിപ്പിക്കാനും ആവശ്യമായ സെന്ററുകളിൽ 2 ഷിഫ്റ്റ് ഏർപ്പെടുത്താനും ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. അതനുസരിച്ച് ഓരോ വർഷവും കുടുംബങ്ങൾ മുഴുവൻ ഒരുമിച്ച് ഫോട്ടോ എടുത്ത് കാർഡ് പുതുക്കേണ്ടതായുണ്ട്.

(സി) 2010 ജൂലൈ രണ്ടാം തീയതി ചണ്ഡീഗഡിൽ വച്ച് നടന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന-യുടെ ദേശീയ കൺവെൻഷനിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത തൊഴിൽ വകുപ്പ് സെക്രട്ടറിയും, ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറും ഈ ബുദ്ധിമുട്ട് കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ചികിത്സാ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി

96 (4152) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യമുള്ള തൊഴിലാളികളുടെ മാതാപിതാക്കൾക്കും ഈ ചികിത്സാ ആനുകൂല്യം ലഭ്യമായിരുന്നത് ഇപ്പോൾ ഒരേ റേഷൻകാർഡിലല്ല ഇവരുടെ പേരുകൾ ഉള്ളതെന്നതുകൊണ്ട് നിഷേധിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യത്തിനർഹതയുള്ള മുഴുവൻ തൊഴിലാളികളുടെയും മാതാപിതാക്കൾക്ക് തൊഴിലാളികളുടെ റേഷൻകാർഡിൽ പേരില്ലെങ്കിലും മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ ചികിത്സാനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly